(ഇ) ഓരോ വർഷവും ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നതിനനുസരിച്ചാണ് നോർമൽ പ്രയോറിറ്റിയിലുള്ള കണക്ഷൻ കൊടുക്കുന്നതിനുള്ള ടാർജറ്റ് നിശ്ചയിക്കുന്നത്. ടാർജറ്റിനു പുറമെ വരുന്ന കണക്ഷനുകൾ ഒ.വൈ.ഇ.സി. പ്രകാരം നൽകുന്നുണ്ട്.

ബഡ്ജറ്റിൽ തുക വകയിരുത്താതെ പണി നടത്തിയ ജലസേചന പദ്ധതികൾ

7 [*560] ശ്രീ. അടൂർ പ്രകാശ്:
,, ടി. എച്ച്. മുസ്തഫ:
,, കെ. മോഹൻകുമാർ:
,, കെ. ബാബു:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ തുക വകയിരുത്താതെ വൻകിട/ഇടത്തരം ജലസേചന പദ്ധതികളുടെ പണി ആരംഭിച്ച സംഭവം മുൻ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളുടെ പണിയാണ് ഇപ്രകാരം നടത്തിയിട്ടുള്ളത്;

(സി) ഇപ്രകാരം പണി നടത്തിയ വകയിൽ പ്രസ്തുത കാലയളവിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

എനർജി ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ നടപടി

8 [*561] ശ്രീ. എ. സുജനപാൽ:
,, എം. എ. ചന്ദ്രശേഖരൻ:
,, എ. പി. അനിൽ കുമാർ:
,, എം. പി. ഗംഗാധരൻ:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടേയും വിലയ്ക്ക് വാങ്ങുന്ന വൈദ്യുതിയുടേയും അക്കൗണ്ടിംഗ് നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ലവലിൽ എപ്രകാരം എന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് എനർജി ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

(ബി) ജനറേഷൻ ലാഭകേന്ദ്രം, ട്രാൻസ്മിഷൻ ലാഭകേന്ദ്രം, ഡിസ്ട്രിബ്യൂഷൻ ലാഭകേന്ദ്രം എന്നീ ലവലുകളിൽ അക്കൗണ്ടിംഗ് നടത്തുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ റേറ്റിംഗ് സ്റ്റേഷനുകളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി അവിടെതന്നെ മീറ്റർ വച്ച് അളവ് രേഖപ്പെടുത്തുന്നുണ്ട്. സ്വതന്ത്ര വൈദ്യുതി ഉല്പാദകരിൽ നിന്നും കേന്ദ്ര പൂളിൽ നിന്നും വാങ്ങുന്ന വൈദ്യുതി പ്രത്യേകമായി മീറ്റർ ചെയ്യുന്നുണ്ട്.

(സി) ഉണ്ട്.

ഡി.ടി.പി.സി.-കൾക്കുള്ള വരവിനങ്ങൾ

9 [*562] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വി. ബാലറാം:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, വർക്കല കഹാർ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ടി.പി.സി.-കൾക്കുള്ള വരവിനങ്ങൾ എന്തെല്ലാമാണ്;

(ബി) ഇവയ്ക്ക് ഗവൺമെന്റിൽനിന്നും എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത്;

(സി) അവയ്ക്ക് സ്വന്തമായ വരവിനങ്ങൾ ഉണ്ടോ;

(ഡി) ഡി.ടി.പി.സി.-കളുടെ സ്വതന്ത്ര നിലനില്പിനാവശ്യമായ സാമ്പത്തിക സഹായം അവർക്ക് നൽകുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ബോട്ടിംഗിലൂടെയും ബോട്ട്ജെട്ടികളിൽനിന്നും ലഭിക്കുന്ന വരുമാനം, പാർക്കുകളിലെ പ്രവേശന ടിക്കറ്റ്, കാർ പാർക്കിംഗ് വഴി ലഭിക്കുന്ന വരുമാനം, ഡി.ടി.പി.സി.-യുടെ നിയന്ത്രണത്തിലുള്ള പദ്ധതികൾ ലീസിന് നൽകുന്നതിലൂടെയുള്ള പാട്ടവരുമാനം, റസ്റ്റോറന്റ്, വഴിയോര വിശ്രമ കേന്ദ്രം എന്നിവ നടത്തുന്നതിലൂടെയുള്ള വരുമാനം ഇവയാണ് ഡി.ടി.പി.സി.-കളുടെ പ്രധാന വരവിനങ്ങൾ.

(ബി) ഉണ്ട്. അടിസ്ഥാന സൗകര്യങ്ങളായ ബോട്ടുജെട്ടികൾ പേ ആന്റ് യൂസ് ടോയ്ലറ്റ് നിർമ്മാണം, ശുചീകരണ പ്രവർത്തനങ്ങൾ, പൈതൃകം സംസ്കാരം എന്നിവയുടെ സംരക്ഷണം, ടൂറിസം ക്ലബ്ബുകളുടെ ഏകോപനം, ടൂറിസം ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് ധനസഹായം നൽകുന്നുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly